# കേരളസർവകലാശാല

നം.പി.ആർ.144/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2022-23 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി. കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള 2022-23 അധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) ആരംഭിച്ചു.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പേര്, ജനനതീയതി, അക്കാഡമിക് വിവരങ്ങൾ, കോളേജുകളുടേയും കോഴ്സുകളുടേയും ഓപ്ഷനുകൾ തുടങ്ങിയ തിരുത്തലുകൾക്കുള്ള ലിങ്ക് ജൂലൈ 15 മുതൽ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ജൂലൈ 31.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

### കേരളസർവകലാശാല ജൂലൈ 11 ലെ പരീക്ഷകൾ മാറ്റിവച്ചു

കേരളസർവകലാശാല 2022 ജൂലൈ 11 ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ പരീക്ഷാത്തീയതി സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. സ്പെഷ്യൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 ന് മുൻപായി ഓഫ്‌ലൈനായി അപേക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ പാർട്ട് മൂന്ന് സെപ്റ്റംബർ 2021 സെഷൻ ബി.എ. ഡിഗ്രി ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, അറബിക് വിഷയങ്ങളുടെ (മെയിൻ & സബ്സിഡിയറി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂലൈ 18 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) സപ്ലിമെന്ററി & മേഴ്സിചാൻസ്, ജൂൺ 2022 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പരീക്ഷകൾ ജൂലൈ 19 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 (2008 സ്കീം) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 08607 – ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ലാബ്, 08608 – കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ ആന്റ് ഡ്രാഫ്റ്റിംഗ് ലാബ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 14 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 (2008 സ്കീം) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 08507 – പ്രാക്ടിക്കൽ സർവ്വെയിംഗ് II, 08508 – കോൺക്രീറ്റ് ലാബ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 13 ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസ്

ബക്രീദ് പ്രമാണിച്ച് ജൂലൈ 9, 10 തീയതികളിൽ വിദൂരവിദ്യാഭ്യാസവിഭാഗത്തിൽ സമ്പർക്ക ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.

## ലൈബ്രറിയിലെ ഓവർഡ്യൂ ചാർജസ്

കേരളസർവകലാശാല ലൈബ്രറിയിൽ നിന്നും 2022 ആഗസ്റ്റ് 1 മുതൽ എടുക്കുന്ന പുസ്തകങ്ങൾക്ക് ഓവർഡ്യൂ ചാർജസ്, ആദ്യത്തെ ഒരു മാസത്തേക്ക് ദിവസം 2/- രൂപ നിരക്കിലും രണ്ടാമത്തെ മാസം 4/- രൂപ നിരക്കിലും മൂന്നാമത്തെ മാസം 5/- രൂപ നിരക്കിലും വർദ്ധിപ്പിച്ചിരിക്കുന്നു. ഉപഭോക്താക്കൾക്ക് **Book Titile, Membership Number, Accession Number, Due date** എന്നീ വിവരങ്ങൾ നൽകി kulbookrenewal@gmail.com മെയിൽ ഐ.ഡി. വഴി പുതുക്കാവുന്നതാണ്.

തിരുവനന്തപുരം,
08.07.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**